പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1838 17.03.2015 ൽ മറുപടിയ്ക്ക്

മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി

ചോദ്യം മറുപടി

ശ്രീ.തോമസ് ഉണ്ണിയാടൻ,
'' സി.എഫ്.തോമസ്
'' മോൻസ് ജോസഫ്
'' റ്റി.യു.കുരുവിള

ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ രണ്ട് ജനസമ്പർക്ക പരിപാടികളുടെ വിജയം മുൻനിർത്തി വീണ്ടും അത്തരം ജനകീയ പരിപാടികൾ നടത്തുന്നതിന് തയ്യാറാകുമോ; | എ) ഭരണ സംവിധാനത്തെ സാധാരണ ജനങ്ങൾക്ക് നേരിട്ട് പ്രാപ്യമാക്കുക വഴി അവരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജനസമ്പർക്ക പരിപാടിയുടെ മൂന്നാംഘട്ടം 2015 ഏപ്രിൽ 20 ന് തിരുവനന്തപുരത്ത് തുടങ്ങി 2015 ജൂൺ 11 ന് കോട്ടയം ജില്ലയിൽ അവസാനിക്കുന്ന രീതിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) ബുദ്ധിമുട്ടുകൾ ഒഴിവാക്കി ജനങ്ങൾക്ക് ഏറ്റവും വേഗം നീതി ലഭിക്കുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ; | ബി) ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിയും അവർക്ക് എത്രയും വേഗം നീതി ലഭിക്കുന്നതിന് മുൻഗണന നൽകിക്കൊണ്ടുമാണ് ജനസമ്പർക്ക പരിപാടി വിഭാവനം ചെയ്തിട്ടുള്ളത്. |
| സി) ജനസമ്പർക്ക പരിപാടിയിലൂടെ ജനങ്ങൾക്ക് നൽകിയ സേവനങ്ങൾ സംബന്ധിച്ച് പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | സി) ജനങ്ങൾക്ക് അവരുടെ അർഹതപ്പെട്ട ആനുകൂല്യങ്ങളും ആവശ്യങ്ങളും യഥാസമയം ലഭ്യമാക്കുന്നതിന് നിലവിലുള്ള ചില നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിച്ച് 45 ഗവൺമെന്റ് ഉത്തരവുകൾ ഇതിനോടകം തന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. അവ വിവര പൊതുജന സമ്പർക്ക വകുപ്പ് ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

Kurlakuh

സെക്ഷൻ ഓഫീസർ